അഞ്ച് ടെന്ററുകളിൽനിന്ന് ഏറ്റവും കുറഞ്ഞ തുകയ്ക്ക് കമ്പ്യൂട്ടർ, ഹാർഡ് വെയർ, നെറ്റ്വർക്കിംഗ് ജോലികൾ എന്നിവ നൽകുകയായിരുന്നു.

(സി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനമായതിനാൽ സ്ഥാപനത്തിന്റെ ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെയും ഐ.ടി. വകുപ്പിന്റെ കീഴിലുള്ള ഐ.ടി. മിഷന്റെയും അംഗീകാരത്തോടുകൂടിയാണ് പ്രസ്തുത പർച്ചേസ് നടത്തിയിട്ടുള്ളത്.

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

112 (3866) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം കേന്ദ്രങ്ങൾ മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ ഫിനിഷിംഗ് സ്കൂൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഇതുവരെ എത്ര സർക്കാർ പോളിടെക്നിക്കുകളിൽ ഇത്തരം ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കാൻ കഴിഞ്ഞു ;

(ഡി) ഈ അദ്ധ്യയന വർഷത്തിൽ കൂടുതലായി എത്ര പോളിടെക്നിക്കുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ;

(ഇ) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷം ഏതൊക്കെ ബിരുദാനന്തര പ്രോഗ്രാമുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നതിനും എഞ്ചിനീയറിംഗ് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കേന്ദ്രമാക്കി സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഉപഗ്രഹ കേന്ദ്രങ്ങൾ എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 17 ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിൽ ഫിനിഷിംഗ് സ്കൂൾ അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലെ പ്രിൻസിപ്പൽമാർക്ക് ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ 17 പോളിടെക്നിക്കുകളിലും ഫിനിഷിംഗ് സ്കൂൾ പ്രവർത്തനസജ്ജമാണ്. കൂടുതലായി ഇത്തരം സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസ്, ജിയോ ഇൻഫോർമാറ്റിക്സ് വിഷയങ്ങളിൽ എം.ടെക് കോഴ്സുകൾ ആരംഭിക്കാൻ ഉത്തരവായിട്ടുണ്ട്. തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ താഴെപ്പറയുന്ന എം.ടെക് കോഴ്സുകളും ഈ വർഷം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1) എം.ടെക് മാനുഫാക്ചറിംഗ് സിസ്റ്റം മാനേജുമെന്റ്

2) എം.ടെക് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് & സിഗ്നൽ പ്രോസസ്സിംഗ്

3) എം.ടെക് വാട്ടർ റിസോഴ്സസ് & ഹൈഡ്രോ ഇൻഫർമേറ്റിക്സ്

4) എം.ടെക് ഇന്റേണൽ കമ്പസ്റ്റ്യൻ & ടർബോ മെഷിനറി

5) എം.ടെക് പവർ ഇലക്ട്രോണിക്സ്

ചാലക്കുടിയിലെ റീജിയണൽ സയൻസ് സെന്റർ

113 (3867) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽ റീജിയണൽ സയൻസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് ; ഇതിന്റെ വിശദാംശം അറിയിക്കുമോ ;

(ബി) റീജിയണൽ സയൻസ് സെന്റർ എന്ന് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ചാലക്കുടിയിൽ റീജിയണൽ സയൻസ് സെന്റർ സ്ഥാപിക്കുവാൻ ആവശ്യമായ സ്ഥലം റവന്യൂ വകുപ്പിൽനിന്നും കൈമാറി ലഭിച്ചിട്ടില്ല.

(ബി) റവന്യൂ വകുപ്പിൽനിന്നും സ്ഥലം ലഭ്യമായതിനുശേഷം സെന്റർ ആരംഭിക്കുവാനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly